കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# താനാളൂർ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.22/51/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി: 11/02/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

താനാളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : താനാളൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (AIMS ൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.22/51/2019

തിയ്യതി: 11/02/2019

## മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

# ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.08.2017 മുതൽ 25.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 06 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :26.12.2018 മുതൽ 07 .01.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. യൂസഫ് പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് സിയാദ് പി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. അബ്ദുറസാഖ് വി | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി രമണി എം | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.പി അനിൽകുമാർ | 01.04.2017 മുതൽ 17.06.2017 വരെ |
| | ഒഴിവ് | 18.06.2017 മുതൽ 28.06.2017 വരെ |
| | ശ്രീ. ബൈജു ബി | 29.06.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. രാജഗോപാൽ പി.എൻ | 01.04.2017 മുതൽ 31.05.2017വരെ |
| | ശ്രീ ബിനീഷ് (അഡീ.ചാർജ്ജ്) | 01.06.2017 മുതൽ 20.06.2017 വരെ |
| | ശ്രീ. രവിശങ്കർ വി (എംപ്ലോയ്മെന്റ് എക്സേചേഞ്ജ് മുഖേന) | 21.06.2017 മുതൽ 11.09.2017 വരെ |
| | ശ്രീ. സാബിർ ഇബ്ന കാസിം ടി | 12.09.2017 മുതൽ 24.10.2017 വരെ |
| | ശ്രീ. മഹേഷ് ഒ | 25.10.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഗായത്രി കെ.വി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി അപർണ്ണ കെ.എസ് | 01.04.2017 മുതൽ 03.08.2017 വരെ |
| | ശ്രീ.ഹണി ഗംഗാധരൻ | 04.08.2017 മുതൽ 08.11.2017 വരെ |
| | ലക്ഷ്മി എസ്.എൽ | 09.11.2017മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ.പി. കാർത്തികേയൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കനകവല്ലി .എം | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജോർജ്ജ്കുട്ടി ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ശ്രുതി കെ.ടി (പി.എച്ച്.സി) | 01.04.2017 മുതൽ 31.03.2018വരെ |
| | ഡോ.ഫാത്തിമത്ത് താഹിറ ഒ.കെ (ആയുർവേദം) | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | റേഷൻ കടകൾക്ക് ലൈസൻസ്, തൊഴിൽനികുതി ഇല്ല | 2-1 |
| 14 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ് | 2-2 |
| 15 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല | 2-3 |
| 16 | വസ്തുനികുതി കുറവായി ഈടാക്കി | 2-4 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 17 | വെറ്റിനറി സർജ്ജൻ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| 18 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 3-2 |
| 19 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംങ് – മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല | 3-3 |
| 20 | ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തി – നികുതി തുകകൾ കൂട്ടി മൂല്യനിർണ്ണയം ചെയ്തതുമൂലം അധിക തുക നല്കി –89,417 രൂപ തിരിച്ചടവാക്കി | 3-4 |

| | | |
|---|---|---|
| 21 | എസ്റ്റിമേറ്റിൽ വൻതുക Lump sum ആയി ഉൾപ്പെടുത്തി കരാറുകാർക്ക് ക്വാട്ട് ചെയ്ത തുകയേക്കാൾ അധിക തുക നല്കി | 3-5 |
| 22 | ഗ്രാമപഞ്ചായത്ത് നല്കിയ ബിറ്റുമിൻ മുഴുവനായി വിതരണം ചെയ്തില്ല | 3-6 |
| 23 | ഒരേ കെട്ടിടനിർമ്മാണത്തിന് മൂന്ന് പ്രൊജക്ടുകൾ തയ്യാറാക്കി | 3-7 |
| 24 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണം – അവലേകനം | 3-8 |
| 25 | കുറഞ്ഞ വില ക്വാട്ട് ചെയ്ത് തഴഞ്ഞ് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങി | 3-9 |
| 26 | തുണിസഞ്ചി വിതരണം ആദായനികുതി ഈടാക്കിയില്ല | 3-10 |
| 27 | കുടിവെള്ള വിതരണം ആദായനികുതി ഈടാക്കിയില്ല | 3-11 |
| 28 | ആശ്രയപദ്ധതി ചെലവ് നാമമാത്രം | 3-12 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് , ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18ലെ ബജറ്റ് പാസാക്കിയ തീരുമാന നമ്പർ, തിയതി | പുതുക്കിയ തീരുമാന നമ്പർ, തിയതി |
|---|---|
| 1(1), 09.03.2017 | 1(1), 12.02.2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|---|
| 2017-18 | 31.07.2018 | 31.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ.എസ്.എ എം.പി.എം22/136/2018 തിയതി 04.07.2018 |

## 1-4 ധനകാര്യ വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,24,33,902 |
| വരവ് | 7,21,71,310 |
| ആകെ | 11,46,05,212 |
| ചെലവ് | 6,32,31,151 |
| നീക്കിയിരിപ്പ് | 5,13,74,061 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | -- | 20286000 | 20286000 | 1,7049162 | 3236838 |
| വികസനഫണ്ട് (എസ്.സി.പി) | -- | 2753317 | 2753317 | 2403170 | 350147 |
| റോഡ് സംരക്ഷണ ഗ്രാന്റ് | -- | 9562000 | 9562000 | 6420849 | 3141151 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | -- | 4767800 | 4767800 | 1662912 | 3104888 |
| ധനകാര്യകമ്മീഷൻ അവാർഡ് | -- | 14691263 | 14691263 | 5745743 | 8945520 |
| K.G.B തനത് | 5320092 | 19870058 | 25190150 | 20871860 | 4318240 |
| SBT സഞ്ചയ | 87796 | 564183 | 651979 | 366885 | 285094 |
| TSC (തനത്) | 2243765 | 1412996 | 3656761 | 1103419 | 2553342 |
| ട്രഷറി TSB | 32199838 | 17466824 | 49666662 | 10995562 | 38671100 |
| KGB (അംഗനവാടി ) | 634817 | 38694 | 673711 | 0 | 673711 |
| SMGB | 548336 | 2552338 | 3100674 | 1192916 | 1907758 |
| SMGB (NGEGS) | 2705 | 1411412 | 1414117 | 1375727 | 38390 |
| സാക്ഷരത | 1122 | 96589 | 97711 | 0 | 97711 |

| | | | | | |
|---|---|---|---|---|---|
| PYKA | 545894 | 46172 | 592066 | 25838 | 566228 |
| ജലനിധി | 513864 | 20555 | 534419 | 30 | 534389 |
| jointventure | | 2500000 | 2500000 | 1012828 | 1487172 |
| ക്യാഷ് | 335673 | 241076 | 576749 | 335673 | 241076 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരങ്ങൾ

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 101112085 | 140 | 4324262 | 06 | 90 | 59% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,705 | 681139 | 683844 | 645454 | 38,390 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 6928612 | 6928612 | 6928612 | -- |

## 1-8 സാമൂഹ്യക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 14400 | 15 |
| കർഷകതൊഴിലാളി വേതനം | 7675200 | 221 |
| വിധവാ പെൻഷൻ | 41854000 | 1742 |
| വാർദ്ധക്യകാലപെൻഷൻ | 60719000 | 2462 |
| വികലാംഗപെൻഷൻ | 11702200 | 473 |
| വിവാഹധനസഹായം | 870000 | 29 |
| 50 വയസിന് മുകളിൽ പ്രായമുള്ളവർക്കുള്ള ധനസഹായം | 870300 | 41 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37,572/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു (ബാങ്ക് ജീവനക്കാരുടെ പണിമുടക്കകാരണം 20.12.18, 21.12.18, 22.12.18, 24.12.18 എന്നീ തിയതികളിലെ കലക്ഷൻ ബാങ്കിൽ അടവാക്കിയിട്ടില്ല)

## 1-10 ആഭ്യന്തരനിയന്ത്രണം

1.2017-18 വർഷത്തിൽ ഫ്രന്റ് ഓഫീസ് ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല 01.10.2018 മുതൽ മാത്രമാണ് ഡയറി പ്രിന്റ് എടുത്ത് സൂക്ഷിച്ചുപോരുന്നത്. അതാത് ദിവസം തന്നെ ബന്ധപ്പെട്ട സെക്ഷനുകൾക്ക് കൈമാറുന്നുണ്ടെങ്കിലും സേവനം ലഭിച്ച തിയതിയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇതുമൂലം സമയബന്ധിതമായി സേവനം ലഭിക്കുന്നുണ്ടോയെന്നുള്ള വിവരം ലഭ്യമല്ല. 13.07.2017ലെ ജീവനക്കാരുടെ യോഗത്തിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തുകയും പൊതുജനങ്ങൾക്ക്

പരമാവധി സേവനം സമയബന്ധിതമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. 02.06.2017, 13.07.2017, 09.11.2017, 05.01.2018, 23.01.2018, 16.02.2018 എന്നീ ആറ് ദിവസങ്ങളിലാണ് ജീവനക്കാരുടെ യോഗം 2017-18 വർഷത്തിൽ ചേർന്നിട്ടുള്ളത്. ഓരോ മാസങ്ങളിലും ജീവനക്കാരുടെ യോഗം വിളിച്ചുചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ ഐ.സി.ഡി.എസ് സൂപ്രർവൈസർ സൂക്ഷിക്കുന്നില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി | ഗുരുതര പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.12.2018 | 01.11.2018 മുതൽ 30.11.2018 വരെ | 17.12.2018 | ഇല്ല |
| എ.ജി ഓഡിറ്റ് | 30.07.2010 മുതൽ 12.08.2010 വരെ | 2004-05 മുതൽ 2009-10 വരെ | 24.09.2010 | ഇല്ല |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷികകണക്കിൽ അടിസ്ഥാ അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല

2. ഹെഡ്മാസ്റ്റർ, കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) എന്നീ നിർവഹണോദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. വി.ഇ.ഒ ബിൽ ബുക്ക് പ്രകാരമുള്ള എല്ലാ തുകകളും സബ്സിഡിയറി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല (ഉദാ:- ബിൽ നമ്പർ 19/17-18/26.03.2018: 75,000/- ബിൽ നമ്പർ 20/17-18/26.03.2018: 75,000/- ബിൽ നമ്പർ 21/17-18/28.03.2018: 75,000/-)

4. വസ്തുനികതിയുടെ ഡിമാന്റ് രജിസ്റ്റർ സഞ്ചയ അപ്ലിക്കേഷനിൽ ലഭ്യമാണെന്ന് അറിയിച്ചുവെങ്കിലും, പരിശോധനാസമയത്ത് സോഫ്റ്റ് വെയറിൽനിന്നും തൻവർഷത്തെ ഡി.സി.ബിയുടെ സംക്ഷിപ്തം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച വിശദാംശങ്ങൾ ഡി.സി.ബിയുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. ബാങ്ക് അക്കൗണ്ടുകൾ എല്ലാ മാസവും റീ-കൺസിലിയേഷൻ നടത്തിയിട്ടില്ല

6. ഷെഡ്യൂൾ പ്രകാരമുള്ള മറ്റ് വരവുകൾക്ക് വരവ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

7. തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

8. ആസ്തികൾക്ക്ബാലൻസ് ഷീറ്റിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

10. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത താഴെ കൊടുത്തിരിക്കുന്ന ചെക്കുകൾ ബാലൻ ഷീറ്റിൽ (ഷെഡ്യൂൾ ബി9) liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

| ക്രമനമ്പർ | അക്കൗണ്ട് നമ്പർ | ചെക്ക് നമ്പർ, തിയതി | തുക |
|---|---|---|---|
| 1 | KGB-40186101046522 | 20232/10.05.2017 | 12,500 |
| 2 | KGB-40186101046522 | 011920/28.03.2017 | 1,88,059 |

11. ഇ.പേയ്മെന്റ് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ കലക്ഷനായി നല്കിയ ഇൻസ്ട്രുമെന്റ് നമ്പർ രേഖപ്പെടുത്താത്ത തിയതിയിലെ ചെക്ക് പ്രകാരമുള്ള രൂപ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

12. ഗ്രാമപഞ്ചായത്തിലെ മുഴുവൻ കച്ചവടസ്ഥാപനങ്ങളുടെയും വിവരം ഉൾക്കൊള്ളിച്ചുകൊണ്ട് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അതുപോലെ ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റും തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ജീവനക്കാരുടെയും കച്ചവടക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് കണക്കാക്കിയത് ക്രമപ്രകാരമല്ല. (വരവ് തുക തന്നെ ഡിമാന്റ് ആയി കണക്കാക്കുകയാണ് ചെയ്തിട്ടുള്ളത്)

13. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

14. 2016-17വർഷത്തെ വാർഷിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ മുഴുവൻ പരിഹരിച്ചിട്ടില്ല

## ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 റേഷൻ കടകൾക്ക് ലൈസൻസ്,തൊഴിൽ നികുതി ഇല്ല

1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനും തൊഴിൽ നികുതി ഈടാകാനും പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ലഭ്യമല്ല. പഞ്ചായത്തിലെ 23 വാർഡുകളിലായുള്ള മുഴുവൻ റേഷൻ കടകൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കുവാനും, വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി(സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും, നടപടി സ്വീകരിക്കേണ്ടതാണ്.

### 2-2 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

എഗ്രിമെന്റ് റജിസ്റ്റർ പരിശോധിച്ചതിൽ 23 കരാറുകാർ പഞ്ചായത്തിലെ വിവിധ മരാമത്തു ജോലികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. അവരിൽ നിന്നും സാമ്പത്തിക വർഷത്തിന്റെ ഒന്നും രണ്ടും അർദ്ധ പകുതിയിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ഈ പഞ്ചായത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി നോക്കിയിട്ടുള്ള കരാറുകാരിൽ നിന്നും വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ കാണുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി(സ്ഥാപന വിഹിതം) ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | അർധ വർഷം |
|---|---|---|
| 1. | കെ.എസ്.ഇ.ബി താനാളൂർ | 1,2 |
| 2. | കെ.എസ്.സി.എസ്.സി. സപ്ലൈകോ ഡിപ്പോ,മൂച്ചിക്കൽ | 1,2 |
| 3. | ബി.എസ്.എൻ.എൽ താനാളൂർ | 1,2 |
| 4. | അറേബ്യൻ ഓഡിറ്റോറിയം താനാളൂർ | 1,2 |
| 5. | നെല്ലിക്കൽ ഓഡിറ്റോറിയം താനാളൂർ | 1,2 |

തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

### 2-4 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം താനാളൂർ ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 40/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 60/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ(100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം

മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 60/- രൂപ പരിഗണിക്കേണ്ടതിനു പകരം 40/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് ഉള്ളതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ച ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതെന്ന് കരുതുന്നു. എന്നാൽ പ്രസ്തുത ചട്ടത്തിൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയവയാണെന്നും അവയ്ക്ക് 2011ലെ പരാമർശിത ചട്ടങ്ങൾ ബാധകമാക്കുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ നിർദ്ദേശമെന്നും വ്യക്തമാവുന്നതാണ്. ആയതിനാൽ നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. കെട്ടിട ഉടമയുടെ പേര് : ശ്രീ .അബ്ദുൽ മജീദ്

അടിസ്ഥാന നികുതി നിരക്ക് . 40/-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (m2) | അടിസ്ഥാന നികുതി (രൂപ) | വർദ്ധന. (20%) (രൂപ) | ഇളവ് (0%) (രൂപ) | ബയോ ഗ്യാസ് ഇളവ് (0%) (രൂപ) | ഒന്നാം നിലയ്ക്ക് ഇളവ് (5%) (രൂപ) | നിർണ്ണയിച്ച നികുതി (രൂപ) | ലൈ. കരം (രൂപ) | സർ ചാർജ് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|---|---|
| 12/137A | 25 | 1000 | 200 | 0 | 0 | 0 | 1200 | 60 | 0 | 1260 |
| 12/137B | 25 | 1000 | 200 | 0 | 0 | 0 | 1200 | 60 | 0 | 1260 |
| 12/137C | 20 | 800 | 160 | 0 | 0 | 0 | 960 | 48 | 0 | 1008 |
| 12/137D | 30 | 1200 | 240 | 0 | 0 | 0 | 1440 | 72 | 0 | 1512 |
| 12/137E | 22 | 880 | 176 | 0 | 0 | 0 | 1004 | 51 | 0 | 1055 |
| 12/137F | 22 | 880 | 176 | 0 | 0 | 0 | 1004 | 51 | 0 | 1055 |
| 12/137G | 20 | 800 | 160 | 0 | 0 | 48* | 912 | 46 | 0 | 958 |
| 12/137H | 20 | 800 | 160 | 0 | 0 | 48* | 912 | 46 | 0 | 958 |
| 12/137I | 20 | 800 | 160 | 0 | 0 | 48* | 912 | 46 | 0 | 958 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 12/137J | 18 | 720 | 144 | 0 | 0 | 43.20* | 821 | 42 | 0 | 863 |
| ആകെ | 222 | 8880 | 1776 | 0 | 0 | 187.20 | 10365 | 522 | 0 | 10887 |

*അടിസ്ഥാന നികുതിയുടെ 5% ശതമാനം കുറയ്ക്കുന്നതിനു പകരം വർദ്ധനവിനു ശേഷമുള്ള നികുതിയുടെ5%

കുറച്ചതായി കാണുന്നു.

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 60/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (m2) | അടിസ്ഥാന നികുതി (രൂപ) | വർദ്ധന. (20%) (രൂപ) | ഇളവ് (0%) (രൂപ) | ബയോ ഗ്യാസ് ഇളവ് (0%) (രൂപ) | ഒന്നാം നിലയ്ക്ക് ഇളവ് (5%) (രൂപ) | നിർണ്ണയിക്കേണ്ട നികുതി (രൂപ) | ലൈ. കരം (രൂപ) | സർചാർജ് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|---|---|
| 12/137A | 25 | 1500 | 300 | 0 | 0 | 0 | 1800 | 90 | 0 | 1890 |
| 12/137B | 25 | 1500 | 300 | 0 | 0 | 0 | 1800 | 90 | 0 | 1890 |
| 12/137C | 20 | 1200 | 240 | 0 | 0 | 0 | 1440 | 72 | 0 | 1512 |
| 12/137D | 30 | 1800 | 360 | 0 | 0 | 0 | 2160 | 108 | 0 | 2268 |
| 12/137E | 22 | 1320 | 264 | 0 | 0 | 0 | 1584 | 79 | 0 | 1663 |
| 12/137F | 22 | 1320 | 264 | 0 | 0 | 0 | 1584 | 79 | 0 | 1663 |
| 12/137G | 20 | 1200 | 240 | 0 | 0 | 60 | 1380 | 69 | 0 | 1449 |
| 12/137H | 20 | 1200 | 240 | 0 | 0 | 60 | 1380 | 69 | 0 | 1449 |
| 12/137I | 20 | 1200 | 240 | 0 | 0 | 60 | 1380 | 69 | 0 | 1449 |
| 12/137J | 18 | 1080 | 216 | 0 | 0 | 54 | 1242 | 62 | 0 | 1304 |
| ആകെ | 222 | 13320 | 2664 | 0 | 0 | 234 | 15750 | 787 | 0 | 16537 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 60/-രൂപ പ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തു നികുതിയിൽ 5385 രൂപയുടെയും (15750- 10365) ലൈബ്രറി സെസ്സിൽ 265 രൂപയുടെയും(787-522) ആകെ 5650 രൂപയുടെയും(16537-10887)കുറവ് വന്നിട്ടുണ്ട്.

2. കെട്ടിട ഉടമയുടെ പേര് : സൈതലവി ഹാജി

അടിസ്ഥാന നികുതി നിരക്ക് . 40/-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (m2) | അടിസ്ഥാന നികുതി (രൂപ) | വർദ്ധന. (20%) (രൂപ) | ഇളവ് (0%) (രൂപ) | ബയോ ഗ്യാസ് ഇളവ് (0%) (രൂപ) | ഒന്നാം നിലയ്ക്ക് ഇളവ് (5%) (രൂപ) | നിർണ്ണയിച്ച നികുതി (രൂപ) | ലൈ. കരം (രൂപ) | സർചാർജ് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|---|---|
| 3/525A | 31.75 | 1270 | 254 | 0 | 0 | 0 | 1524 | 77 | 0 | 1601 |
| 3/525B | 31.75 | 1270 | 254 | 0 | 0 | 0 | 1524 | 77 | 0 | 1601 |
| 3/525C | 31.75 | 1270 | 254 | 0 | 0 | 0 | 1524 | 77 | 0 | 1601 |
| 3/525D | 31.75 | 1270 | 254 | 0 | 0 | 0 | 1524 | 77 | 0 | 1601 |
| 3/525E | 31.75 | 1270 | 254 | 0 | 0 | 0 | 1524 | 77 | 0 | 1601 |
| 3/525F | 31.75 | 1270 | 254 | 0 | 0 | 0 | 1524 | 77 | 0 | 1601 |
| 3/525G | 40.17 | 1606.80 | 321.36 | 0 | 0 | 96.45 | 1833 | 92 | 0 | 1925 |
| 3/525H | 40.17 | 1606.80 | 321.36 | 0 | 0 | 96.45 | 1833 | 92 | 0 | 1925 |
| 3/525I | 40.17 | 1606.80 | 321.36 | 0 | 0 | 96.45 | 1833 | 92 | 0 | 1925 |
| 3/525J | 40.17 | 1606.80 | 321.36 | 0 | 0 | 96.45 | 1833 | 92 | 0 | 1925 |
| 3/525K | 40.17 | 1606.80 | 321.36 | 0 | 0 | 96.45 | 1833 | 92 | 0 | 1925 |
| 3/525L | 40.17 | 1606.80 | 321.36 | 0 | 0 | 96.45 | 1833 | 92 | 0 | 1925 |
| ആകെ | 431.52 | 17260.80 | 3452.16 | 0 | 0 | 578.70 | 20142 | 1014 | 0 | 21156 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 60/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (m2) | അടിസ്ഥാന നികുതി (രൂപ) | വർദ്ധന. (20%) (രൂപ) | ഇളവ് (0%) (രൂപ) | ബയോ ഗ്യാസ് ഇളവ് (0%) (രൂപ) | ഒന്നാം നിലയ്ക്ക് ഇളവ് (5%) (രൂപ) | നിർണ്ണയിക്കേണ്ട നികുതി (രൂപ) | ലൈ. കരം (രൂപ) | സർചാർജ് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|---|---|
| 3/525A | 31.75 | 1905 | 381 | 0 | 0 | 0 | 2286 | 114 | 0 | 2400 |
| 3/525B | 31.75 | 1905 | 381 | 0 | 0 | 0 | 2286 | 114 | 0 | 2400 |
| 3/525C | 31.75 | 1905 | 381 | 0 | 0 | 0 | 2286 | 114 | 0 | 2400 |
| 3/525D | 31.75 | 1905 | 381 | 0 | 0 | 0 | 2286 | 114 | 0 | 2400 |
| 3/525E | 31.75 | 1905 | 381 | 0 | 0 | 0 | 2286 | 114 | 0 | 2400 |
| 3/525F | 31.75 | 1905 | 381 | 0 | 0 | 0 | 2286 | 114 | 0 | 2400 |
| 3/525G | 40.17 | 2410.20 | 482.04 | 0 | 0 | 120.51 | 2772 | 139 | 0 | 2911 |
| 3/525H | 40.17 | 2410.20 | 482.04 | 0 | 0 | 120.51 | 2772 | 139 | 0 | 2911 |
| 3/525I | 40.17 | 2410.20 | 482.04 | 0 | 0 | 120.51 | 2772 | 139 | 0 | 2911 |
| 3/525J | 40.17 | 2410.20 | 482.04 | 0 | 0 | 120.51 | 2772 | 139 | 0 | 2911 |
| 3/525K | 40.17 | 2410.20 | 482.04 | 0 | 0 | 120.51 | 2772 | 139 | 0 | 2911 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 3/525L | 40.17 | 2410.20 | 482.04 | 0 | 0 | 120.51 | 2772 | 139 | 0 | 2911 |
| ആകെ | 431.52 | 25891.20 | 5178.24 | 0 | 0 | 0 | 30348 | 1518 | 0 | 31866 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 60/-രൂപ പ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തു നികുതിയിൽ 10206 രൂപയുടെയും (30348-20142 ) ലൈബ്രറി സെസ്സിൽ 504 രൂപയുടെയും(1518-1014) ആകെ10710 രൂപയുടെയും (31866-21156)കുറവ് വന്നിട്ടുണ്ട്.

3.കെട്ടിട ഉടമയുടെ പേര് : ശ്രീ. രഞ്ജിത്ത് &നസറുദ്ദീൻ ഷാ

അടിസ്ഥാന നികുതി നിരക്ക് . 40/-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (m2) | അടിസ്ഥാന നികുതി (രൂപ) | വർദ്ധന. (20%) (രൂപ) | ഇളവ് (0%) (രൂപ) | ബയോ ഗ്യാസ് ഇളവ് (0%) (രൂപ) | ഒന്നാം നിലയ്ക്ക് ഇളവ് (5%) (രൂപ) | നിർണ്ണയിച്ച നികുതി (രൂപ) | ലൈ. കരം (രൂപ) | സർചാർജ് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|---|---|
| 23/ 445A | 13.5 | 540 | 108 | 0 | 0 | 0 | 648 | 33 | 0 | 681 |
| 23/ 445B | 13.5 | 540 | 108 | 0 | 0 | 0 | 648 | 33 | 0 | 681 |
| 23/ 445C | 109 | 60/- രൂപ പ്രകാരം നികുതി നിർണ്ണയിച്ചു | | | | | | | | |
| 23/ 445D | 13.5 | 540 | 108 | 0 | 0 | 32.40 | 616 | 31 | 0 | 647 |
| 23/ 445E | 13.5 | 540 | 108 | 0 | 0 | 32.40 | 616 | 31 | 0 | 647 |
| 23/ 445F | 33.66 | 1346.40 | 269.28 | 0 | 0 | 80.80 | 1536 | 77 | 0 | 1613 |
| 23/ 445G | 113.4 | 60/- രൂപ പ്രകാരം നികുതി നിർണ്ണയിച്ചു | | | | | | | | |
| ആകെ | 310.06 | 3506.4 | 701.28 | 0 | 0 | 145.6 | 4064 | 205 | 0 | 4269 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 60/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (m2) | അടിസ്ഥാന നികുതി (രൂപ) | വർദ്ധന. (20%) (രൂപ) | ഇളവ് (0%) (രൂപ) | ബയോ ഗ്യാസ് ഇളവ് (0%) (രൂപ) | ഒന്നാം നിലയ്ക്ക് ഇളവ് (5%) (രൂപ) | നിർണ്ണയിക്കേണ്ട നികുതി (രൂപ) | ലൈ. കരം (രൂപ) | സർചാർജ് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|---|---|
| 23/ 445A | 13.5 | 810 | 162 | 0 | 0 | 0 | 972 | 49 | 0 | 1021 |
| 23/ 445B | 13.5 | 810 | 162 | 0 | 0 | 0 | 972 | 49 | 0 | 1021 |
| 23/ 445C | 109 | 60/- രൂപ പ്രകാരം നികുതി നിർണ്ണയിച്ചു | | | | | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 23/ 445D | 13.5 | 810 | 162 | 0 | 0 | 40.50 | 932 | 47 | 0 | 979 |
| 23/ 445E | 13.5 | 810 | 162 | 0 | 0 | 40.50 | 932 | 47 | 0 | 979 |
| 23/ 445F | 33.66 | 2019.60 | 403.92 | 0 | 0 | 100.98 | 2323 | 116 | 0 | 2439 |
| 23/ 445G | 113.4 | 60/- രൂപ പ്രകാരം നികുതി നിർണ്ണയിച്ച | | | | | | | | |
| ആകെ | 310.06 | 5259.60 | 1051.92 | 0 | 0 | 181.98 | 6131 | 308 | 0 | 6439 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 60/-രൂപ പ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തു നികുതിയിൽ 2067 രൂപയുടെയും (6131-4064) ലൈബ്രറി സെസ്സിൽ 103 രൂപയുടെയും(308-205) ആകെ 2170രൂപയുടെയും (6439-4269)കുറവ് വന്നിട്ടുണ്ട്.

4.കെട്ടിട ഉടമയുടെ പേര് : ശ്രീ.ഹസ്സനലി& ഇബ്രാഹീം

അടിസ്ഥാന നികുതി നിരക്ക് . 40/-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (m2) | അടിസ്ഥാന നികുതി (രൂപ) | വർദ്ധന. (20%) (രൂപ) | ഇളവ് (0%) (രൂപ) | ബയോ ഗ്യാസ് ഇളവ് (0%) (രൂപ) | ഒന്നാം നിലയ്ക്ക് ഇളവ് (5%) (രൂപ) | നിർണ്ണയിച്ച നികുതി (രൂപ) | ലൈ. കരം (രൂപ) | സർചാർജ് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|---|---|
| 12/213A | 19 | 760 | 152 | 0 | 0 | 0 | 912 | 46 | 0 | 958 |
| 12/213B | 36 | 1440 | 288 | 0 | 0 | 0 | 1728 | 87 | 0 | 1815 |
| 12/213C | 55 | 2200 | 440 | 0 | 0 | 0 | 2640 | 132 | 0 | 2772 |
| 12/213D | 13 | 520 | 104 | 0 | 0 | 0 | 624 | 32 | 0 | 656 |
| 12/213E | 17 | 680 | 136 | 0 | 0 | 0 | 816 | 41 | 0 | 857 |
| 12/213F | 17 | 680 | 136 | 0 | 0 | 0 | 816 | 41 | 0 | 857 |
| 12/213G | 19 | 760 | 152 | 0 | 0 | 45.60 | 867 | 44 | 0 | 911 |
| 12/213H | 19 | 760 | 152 | 0 | 0 | 45.60 | 867 | 44 | 0 | 911 |
| 12/213 I | 59 | 2360 | 472 | 0 | 0 | 141.60 | 2691 | 135 | 0 | 2826 |
| 12/213J | 12 | 480 | 96 | 0 | 0 | 28.80 | 548 | 28 | 0 | 576 |
| 12/213K | 19 | 760 | 152 | 0 | 0 | 45.60 | 867 | 44 | 0 | 911 |
| 12/213L | 19 | 760 | 152 | 0 | 0 | 45.60 | 867 | 44 | 0 | 911 |
| ആകെ | 304 | 12160 | 2432 | 0 | 0 | 352.80 | 14243 | 718 | 0 | 14961 |

.

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 60/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (m2) | അടിസ്ഥാന നികുതി (രൂപ) | വർദ്ധന. (20%) (രൂപ) | ഇളവ് (0%) (രൂപ) | ബയോ ഗ്യാസ് ഇളവ് (0%) | ഒന്നാം നിലയ്ക്ക് ഇളവ് (5%) | നിർണ്ണയിക്കേണ്ട നികുതി (രൂപ) | ലൈ. കരം (രൂപ) | സർചാർജ് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | (രൂപ) | (രൂപ) | | | | |
| 12/213A | 19 | 1140 | 228 | 0 | 0 | 0 | 1368 | 68 | 0 | 1436 |
| 12/213B | 36 | 2160 | 432 | 0 | 0 | 0 | 2592 | 130 | 0 | 2722 |
| 12/213C | 55 | 3300 | 660 | 0 | 0 | 0 | 3960 | 198 | 0 | 4158 |
| 12/213D | 13 | 780 | 156 | 0 | 0 | 0 | 936 | 47 | 0 | 983 |
| 12/213E | 17 | 1020 | 204 | 0 | 0 | 0 | 1224 | 61 | 0 | 1285 |
| 12/213F | 17 | 1020 | 204 | 0 | 0 | 0 | 1224 | 61 | 0 | 1285 |
| 12/213G | 19 | 1140 | 228 | 0 | 0 | 57 | 1311 | 66 | 0 | 1376 |
| 12/213H | 19 | 1140 | 228 | 0 | 0 | 57 | 1311 | 66 | 0 | 1376 |
| 12/213 I | 59 | 3540 | 708 | 0 | 0 | 177 | 4071 | 204 | 0 | 4275 |
| 12/213J | 12 | 720 | 144 | 0 | 0 | 36 | 828 | 41 | 0 | 869 |
| 12/213K | 19 | 1140 | 228 | 0 | 0 | 57 | 1311 | 66 | 0 | 1376 |
| 12/213L | 19 | 1140 | 228 | 0 | 0 | 57 | 1311 | 66 | 0 | 1376 |
| ആകെ | 304 | 18240 | 3648 | 0 | 0 | 441 | 21447 | 1074 | 0 | 22517 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 60/-രൂപ പ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തു നികുതിയിൽ 7204 രൂപയുടെയും ( 21447-14243) ലൈബ്രറി സെസ്സിൽ 356 രൂപയുടെയും(1074-718) ആകെ 7556രൂപയുടെയും (22517-14961)കുറവ് വന്നിട്ടുണ്ട്.

<u>ആകെ കുറവ് വിവരം</u>

| ക്ര.നം. | വസ്തു നികുതി | ലൈ.കരം | സർചാർജ് | ആകെ |
|---|---|---|---|---|
| 1 | 5385 | 265 | 0 | 5650 |
| 2 | 10206 | 504 | 0 | 10710 |
| 3 | 2067 | 103 | 0 | 2170 |
| 4 | 7204 | 356 | 0 | 7556 |
| ആകെ | 24862 | 1228 | 0 | 26086 |

ഇത് സംബന്ധിച്ച് 05 dated 04/01/2019നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. മറുപടി ലഭ്യമാക്കിയില്ല. 4കെട്ടിടങ്ങളുടെ മാത്രം നികുതിയിലും ലൈബ്രറികരത്തിലുമായി26086 രൂപയുടെ കുറവുണ്ട്.തൻവർഷം ഇപ്രകാരം നിർണ്ണയിച്ച മറ്റു കെട്ടിടങ്ങളുടെയും മുൻ വർഷങ്ങളിൽ നിർണ്ണയിച്ചതിലെയും അപാകതകൾ കൂടി പരിഹരിച്ച് നികുതി പുനർ നിർണ്ണയിക്കേണ്ടതും കുറവു വന്ന നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെറ്റിനറി സർജ്ജൻ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

<u>I. സമഗ്രക്ഷീരവികസനപദ്ധതി (വനിത)</u>

പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് പശുക്കളെ വിതരണം ചെയ്ത് പാലുൽപാദനവും വരുമാനമാർഗ്ഗവും വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശത്തോടെ വെറ്റിനറി സർജ്ജൻ നടപ്പാക്കിയ 10/18 നമ്പർ പ്രൊജക്ടിൽ 8,00,000 രൂപ വികസനഫണ്ടും 12,00,000 ലക്ഷം രൂപ ഗണഭോക്തൃവിഹിതവും വകയിരുത്തുകയും വികസനഫണ്ടിനത്തിൽ 4,00,000 രൂപ (ബിൽ 03/17-18/15.01.18: 2,00,000/- 06/17-18/28.02.18: 1,80,000/- 08/17-18/29.03.18: 20,000/-) ചെലവഴിച്ചിട്ടുണ്ട്. 20,000/- രൂപ വിതം 20 ഗുണഭോക്താക്കൾക്കാണ് പശുവിനെ

വാങ്ങുന്നതിനായി സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഇതിൽ ഒരു ഗുണഭോക്താവായ ശ്രീമതി സുബൈദ, w/o ബീരാൻ, മുണ്ടത്തോട്, താനാളൂർ എന്നവരുടെ അപേക്ഷയും പശുവിനെ ഇൻഷ്വറൻസ് ചെയ്ത രേഖകളും ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന് (16/07.01.19) ആയത് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

II. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

113/18 അംഗീകാരം ലഭിച്ച പ്രൊജക്റ്റിൽ 2,40,000 രൂപ വികസനഫണ്ടും 50,000 രൂപ തനത് ഫണ്ടും വകയിരുത്തി വെറ്റിനറി സർജ്ജൻ നടപ്പാക്കിയ പ്രൊജക്റ്റിൽ പഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കുന്നതിനാണ് തയ്യാറാക്കിയിട്ടുള്ളത്. താഴെ പറയുന്ന ബിൽ നമ്പറുകൾ പ്രകാരം ക്ഷീരസംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ബിൽ നമ്പർ, തിയതി | തുക | ക്ഷീരസംഘങ്ങളുടെ പേര് | കൈമാറിയ തുക |
|---|---|---|---|---|
| 1 | 01/15.01.18 | 1,14,951 | ആശ്രയ സൊസൈറ്റി | 84,207 |
| | | | താനാളൂർ ക്ഷീരോത്പാദകസഹകരണ സംഘം | 11,524 |
| | | | ക്ഷീരോത്പാദകസഹകരണസംഘം, കെ.പുരം | 19.220 |
| | | | ആകെ | 1,14,951 |
| 2 | 07/23.03.18 | 62,024 | ആശ്രയ സൊസൈറ്റി | 38,338 |
| | | | താനാളൂർ ക്ഷീരോത്പാദകസഹകരണ സംഘം | 9,053 |
| | | | ക്ഷീരോത്പാദകസഹകരണസംഘം, കെ.പുരം | 14,633 |
| | | | ആകെ | 62,024 |

മേൽ ക്ഷീരോത്പാദകസഹകരണസംഘങ്ങളിൽ കെ.പുരം ക്ഷീരോത്പാദകസഹകരണസംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്ത 33,853/- (19,220+14,633) തുക ക്ഷീരകർഷകർക്ക് ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇക്കാര്യത്തിൽ ഓഡിറ്റ് എൻക്വയറി (16/07.01.18) നല്കിയതിന് മറുപടി ലഭിച്ചിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതുവരെ മേൽ രണ്ട് പ്രൊജക്റ്റുകളിലായി 53,853/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-2 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പരിരക്ഷ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രൊജക്റ്റ് നമ്പർ, പേര് | മരുന്നിനായി | ശേഷിക്കുന്നത് | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|---|

| നം. | | നല്കിയ തുക(പ്രഫോർമ ഇൻവോയിസ് പ്രകാരം) | | |
|---|---|---|---|---|
| 1 | പരിരക്ഷ (15/17-18)<br>(ആകെ അടങ്കൽ ₹ 550,000 ആകെ ചെലവ് - ₹630400) | 421587 | 82202 | 1/2017-18/28-03-2018<br>100000(വികസന ഫണ്ട് -പൊതുവിഭാഗം)<br>121587(തനതു ഫണ്ട്) |
| 2 | പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ 7/17-18 | ₹200000 | 33212 | 5/2017-18/24-01-20187<br>(എം.ജി.എൻ.ആർ) |
| 3 | സ്നേഹ മരുന്നു വാങ്ങൽ 14/17-18 | 400000 | 277276 | 4/2017-18/24-01-2018<br>250000<br>(എം.ജി.എൻ.ആർ)7777<br>150000(തനതു ഫണ്ട്) |
| | ആകെ | | 392690 | |

ലഭ്യമാകാൻ ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കേണ്ടതും ആയതിന്റെ സ്റ്റോക്ക് വിതരണ വിവരങ്ങൾ ഹാജരാക്കേണ്ടതുമാണ്. കൂടാതെ ക്രമ നം 2 പ്രകാരം ഉള്ള “സ്നേഹ” പദ്ധതിയുടെ ആനുകൂല്യം നിലവിൽ കൈപ്പറ്റുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം, പേരു വിവരങ്ങൾ,രോഗ വിവരങ്ങൾ,രോഗികളെ തെരെഞ്ഞെടുക്കുന്ന രീതി, എന്നിവ സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്. പി.എച്ച്.സി.യിലേക്കല്ലാതെ ഇത്തരത്തിൽ മരുന്നു വാങ്ങുന്ന പക്ഷം ആയതിനു സർക്കാറിൽ നിന്നും മതിയായ മുൻകൂർ അനുമതി തേടേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/4.1.2019) ) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാകാൻ ശേഷിക്കുന്ന 3,92,690 രൂപ തടസത്തിൽ വെക്കുന്നു.

## 3-3 <u>മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് - മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നില്ല</u>

2017-18 വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്തതിൽ ഇ-ടെണ്ടർ അല്ലാത്ത ടെണ്ടറുകളിൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന് ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുകയുണ്ടായി. ടെണ്ടർ ചെയ്ത എല്ലാ പ്രവൃത്തികളിലും രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടർ നൽകിയിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ പോലും ടെണ്ടർ കുറവ് ലഭിച്ചിട്ടില്ല.

<u>വിശദ വിവരം ചുവടെ കൊടുക്കുന്നു.</u>

| ടെണ്ടർ തീയ്യതി | ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | 1 | 2 | 2 ൽ അധികം | ലഭിച്ച ക്വാട്ടുകളുടെ വിവരം |
| 2-9-2017 | 30 | ഇല്ല | 30 | ഇല്ല | എല്ലാം എസ്റ്റിമേറ്റ് നിരക്കിൽ |
| 10-11-2017 | 8 | ഇല്ല | 8 | ഇല്ല | ,, |
| 15-2-2018 | 33 | 2 | 31 | ഇല്ല | ,, |

| | | | | | |
|---|---|---|---|---|---|
| 12-3-2018 | 1 | ഇല്ല | 1 | ഇല്ല | ,, |

രണ്ട് പേർ മാത്രം പങ്കെടുക്കുന്ന ടെണ്ടറിൽ ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിലും അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കുന്നു. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും മറ്റേത് .05% അല്ലെങ്കിൽ .01% കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ വീതം വെയ്ക്കുന്ന നടത്തുകയും പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധാരണയുണ്ടാക്കി ഒത്തു കളിക്കുന്നതായും മേൽ പറഞ്ഞവയിൽ നിന്നും വ്യക്തമാണ്. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. ടെണ്ടറിംഗിൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കാതിരിക്കുന്നത് ഗ്രാമ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് നിരക്കുന്നതല്ല. മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിന് വികസന / ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികൾ സമയോചിത ഇടപെടൽ നടത്തുന്നില്ല.

ടെണ്ടറിൽ മത്സരം ഉറപ്പുവരുത്താനും അതുവഴി ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യ സംരക്ഷണത്തിനും വികസന / ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികൾ ജാഗ്രത പുലർത്തേണ്ടതും നേതൃപരമായ പങ്ക് വഹിക്കേണ്ടതുമാണ്.

## **3-4** <u>ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം- നികുതി തുകകൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തത് മൂലം കൺവീനർമാർക്ക് അധിക തുക നൽകി- **106398** രൂപ തിരിച്ചടവാക്കി.</u>

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ,

2014- DSR പ്രകാരം 36.19% cost Index ഉൾപ്പെടുത്തി തയ്യാറാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ്. ആകെ പ്രവൃത്തി മൂല്യത്തിനോട് കൂടി വീണ്ടും നികുതികൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്യേണ്ടതില്ല. എന്നാൽ ടി- പ്രവൃത്തികൾ മൂല്യ നിർണ്ണയം ചെയ്തപ്പോൾ 1-7-2017 ന് മുമ്പ് പൂർത്തീകരിച്ച വർക്കുകളിൽ 6% ഉം 1-7-2017 ന് ശേഷം പൂർത്തീകരിച്ച വർക്കുകളിൽ 3% ഉം നികുതി തുകകൾ കൂടി കൂട്ടി മൂല്യ നിർണ്ണയം ചെയ്ത് കൺവീനർമാർക്ക് അധിക തുക നൽകിയിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യത്തിനോട് കൂടി നികുതി തുക കൂടി കൂട്ടിയ തുകകളുടെ അടിസ്ഥാനത്തിൽ നികുതികൾ കുറവ് ചെയ്ത് അടവാക്കിയതിനാൽ നികുതിയിനത്തിൽ അധിക തുക അടവാക്കുകയും ചെയ്തു. ഇക്കാരണത്താൽ പഞ്ചായത്ത് ഫണ്ടിന് താഴെ കൊടുത്തിട്ടുള്ള വിധം അധിക ചെലവുണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേരും വിശദാംശങ്ങളും | പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്ത തുക | കൺവീനർക്ക് നൽകിയ തുക | അധികം |
|---|---|---|---|---|
| 1 | ഗാന്ധി നഗർ കനോലി കനാൽ റോഡ്പുനരുദ്ധാരണം<br>പ്രൊജക്ട് നമ്പർ- 169/18കൺവീനർ- ശ്രീ. സിറാജുദ്ധീൻ. എ.<br>TS-300000 | ആകെ പ്രവൃത്തി മൂല്യം= 283019<br>(+) 6%= 16981<br>= 300000 | 300000<br>(-) IT- 6000<br>VAT- 15000<br>WF- 3000<br>= 276000 | 16981<br>(രശീതി നം-118100109961/ 11.1.2019 പ്രകാരം അടവാക്കി) |

| | | | | |
|---|---|---|---|---|
| | എഗ്രിമെന്റ് നമ്പർ -67/ 16-17,തി- 8-3-2017.<br>എം. ബുക്ക്. നമ്പർ- 53/16-17<br>ബിൽ നമ്പർ- 10/14-9-2017, | | | |
| 2 | ചേനേരിപ്പാടം സ്റ്റേഡിയം അഭിവൃദ്ധിപ്പെടുത്തൽ,<br>പ്രൊജക്ട് നമ്പർ- 201/18<br>കൺവീനർ- ശ്രീമതി.സൽമാബി. ടി.<br>TS-200000<br>എഗ്രിമെന്റ് നമ്പർ -02/ 16-17,തി- 28-5-2016<br>എം. ബുക്ക്. നമ്പർ- 9/15-16<br>ബിൽ നമ്പർ- 4 /19-8-2017, | ആകെ പ്രവൃത്തി മൂല്യം= 185327<br>(+) 6%= 11120<br>= 196447 | 196447<br>(-) IT- 3638<br>VAT- 9095<br>WF- 1819<br>= 181895 | 11120<br>(രശീതി നം-118100109902/ 4.1.2019 പ്രകാരം അടവാക്കി) |
| 3 | മീനടത്തൂർ ആനപ്പടി റോഡ് പുനരുദ്ധാരണം (രണ്ടാം ഘട്ടം)<br>പ്രൊജക്ട് നമ്പർ- 178/18<br>കൺവീനർ- ശ്രീ. ഇസ്ഹാഖ്. എം.<br>TS-290000<br>എഗ്രിമെന്റ് നമ്പർ -78/ 16-17,തി- 30-3-2017.<br>എം. ബുക്ക്. നമ്പർ- 4/17-18,<br>5/17-18 | ആകെ പ്രവൃത്തി മൂല്യം= 261877<br>(+) 6%= 15713<br>= 277590 | 277590<br>(-) IT- 5551<br>VAT- 13879<br>WF- 2776<br>= 255383 | 15712<br>(രശീതി നം-118100109929/ 5.1.2019 പ്രകാരം അടവാക്കി) |

| | | | | |
|---|---|---|---|---|
| | ബിൽ നമ്പർ-15/8-11-2017, | | | |
| 4 | കേലപ്പറം പുത്തൻതെരു റോഡ് ഡ്രൈനേജ്,<br>പ്രൊജക്ട് നമ്പർ-157/18<br>കൺവീനർ- ശ്രീ. അബ്ദുൽ ഗഫൂർ . വി.പി.<br>TS-310000<br>എഗ്രിമെന്റ് നമ്പർ -65/ 16-17,തി-18-2--2017.<br>എം. ബുക്ക്. നമ്പർ-8/16-17,<br>ബിൽ നമ്പർ-18/15-1-2018, | ആകെ പ്രവൃത്തി മൂല്യം= 290784<br>(+) 6%= 17447<br>= 308231 | 308231<br>(-) IT- 6165<br>VAT- 15412<br>WF- 3082<br>= 283572 | 17447<br>(രശീതി നം-118100109903/ 4.1.2019 പ്രകാരം അടവാക്കി) |
| 5 | നെച്ചിക്കാട് വാലിയത്ത് പടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ<br>പ്രൊജക്ട് നമ്പർ-152/18<br>കൺവീനർ- ശ്രീമതി. സാഹിറ എൻ.<br>TS-200000<br>എഗ്രിമെന്റ് നമ്പർ -63/ 16-17,തി-18-2--2017.<br>എം. ബുക്ക്. നമ്പർ-74/ 17-18<br>വൗച്ചർ നമ്പർ-21701009/<br>28-3-2018<br>try ch- 2063226/ 31-3-2018 | ആകെ പ്രവൃത്തി മൂല്യം= 194925<br>(+) 3%= 5848<br>= 200773<br>200000 ൽ പരിമിതപ്പെടുത്തി | 200000<br>(-) cost of bitumin-36883<br>(-) IT- 3262<br>(-) WF- 1631<br>= 158224 | 5075<br>(രശീതി നം-118100109904/ 4.1.2019 പ്രകാരം അടവാക്കി) |

| | | | | |
|---|---|---|---|---|
| 6 | കണ്ടുങ്ങൽ താടിപ്പടി അപ്രോച്ച് റോഡ്<br>പ്രൊജക്റ്റ് നമ്പർ- 162/18<br>കൺവീനർ- ശ്രീ. ബഷീർ<br>TS-400000<br>എഗ്രിമെന്റ് നമ്പർ -70/ 16-17,തി- 8-3---2017.<br>എം. ബുക്ക്. നമ്പർ-93/ 17-18<br>വൗച്ചർ നമ്പർ- 21701014/ 28-3-2018<br>try ch- 2063226/ 31-3-2018 | ആകെ പ്രവൃത്തി മൂല്യം= 374319<br>(+) 3%= 11230<br>= 385549 | 385549<br>(-) cost of bitumin-72747<br>(-) IT- 6256<br>(-) WF- 3128<br>= 303418 | 11230<br><br>(രശീതി നം-118100109934/ 7.1.2019 പ്രകാരം അടവാക്കി) |
| 7 | ചുങ്കം വേളനി റോഡ് റീടാറിംഗ്<br>പ്രൊജക്റ്റ് നമ്പർ- 150/18<br>കൺവീനർ- ശ്രീ. അനീഷ്.എം.പി.<br>TS-200000<br>എഗ്രിമെന്റ് നമ്പർ -45/ 16-17,തി- 14 -2--2017.<br>എം. ബുക്ക്. നമ്പർ-80/ 17-18<br>വൗച്ചർ നമ്പർ- 21701008/ 28-3-2018<br>try ch- 2063226/ 31-3-2018 | ആകെ പ്രവൃത്തി മൂല്യം= 186637<br>(+) 3%= 5600<br>= 192237 | 192237<br>(-) cost of bitumin-49477<br>(-) IT- 2855<br>(-) WF- 1428<br>= 138477 | 5600<br><br>(രശീതി നം-118100109935/ 7.1.2019 പ്രകാരം അടവാക്കി) |
| 8 | മൂലക്കൽ തട്ടാരക്കൽ റോഡ് റീടാറിംഗ്<br>പ്രൊജക്റ്റ് നമ്പർ- 168/18<br>കൺവീനർ- ശ്രീ. | ആകെ പ്രവൃത്തി മൂല്യം= 322399<br>(+) 3%= 9672<br>= 332071 | 332071<br>(-) cost of bitumin- 132672<br>(-) IT- 3988 | 9672<br><br>(രശീതി നം-118100109940/ 7.1.2019 പ്രകാരം അടവാക്കി) |

| | | | | |
|---|---|---|---|---|
| | ഷൺമുഖൻ പന്താര വളപ്പിൽ<br>TS-350000<br>എഗ്രിമെന്റ് നമ്പർ -81/ 16-17,തി- 30-3--2017.<br>എം. ബുക്ക്. നമ്പർ-111/ 17-18<br>ബിൽ നമ്പർ- 41/ 26-3-2018 | | (-) WF- 1994<br>= 193417 | |
| 9 | പകര അങ്ങാടി കാഞ്ഞീരത്തിങ്ങൽ റോഡ് റീടാറിംഗ്<br>പ്രൊജക്റ്റ് നമ്പർ- 151/18<br>കൺവീനർ- ശ്രീ. അബ്ദുൽ സമദ്. ടി.പി.<br>TS-300000<br>എഗ്രിമെന്റ് നമ്പർ -46/ 16-17,തി- 14-2-2017.<br>എം. ബുക്ക്. നമ്പർ-84/ 17-18<br>ബിൽ നമ്പർ- 46/ 31-3-2018 | ആകെ പ്രവൃത്തി മൂല്യം= 298250<br>(+) 3%= 8738<br>306988<br>300000 ൽ പരിമിതപ്പെടുത്തി | 300000<br>(-) cost of bitumin- 139775<br>(-) IT- 3204<br>(-) WF- 1602<br>= 155419 | 1750<br>(രശീതി നം-118100109936/ 7.1.2019 പ്രകാരം അടവാക്കി) |
| 10 | മണി വീട്ടിൽ ഇടവഴി റോഡ് റീടാറിംഗ്<br>പ്രൊജക്റ്റ് നമ്പർ- 153/18<br>കൺവീനർ- ശ്രീ. മുജീബ് .വി.<br>TS-325000<br>എഗ്രിമെന്റ് നമ്പർ -79/ 16-17,തി- 30-3--2017.<br>എം. ബുക്ക്. നമ്പർ-71/ 17-18<br>ബിൽ നമ്പർ- 47/ | ആകെ പ്രവൃത്തി മൂല്യം= 143578<br>(+) 3%= 4307<br>= 147885 | 147885<br>(-) cost of bitumin-68703<br>(-) IT- 2958<br>(-) WF- 1479<br>= 74745 | 4307<br>(രശീതി നം-118100109905/ 4.1.2019 പ്രകാരം അടവാക്കി) |

| | | | | |
|---|---|---|---|---|
| | 31-3-2018 | | | |
| 11 | പാറെക്കുളം വലിയപാടം റോഡ് റീടാറിംഗ്<br><br>പ്രൊജക്റ്റ് നമ്പർ- 159/18<br><br>കൺവീനർ- ശ്രീമതി. ദേവകി. ടി.പി.<br><br>TS-300000<br><br>എഗ്രിമെന്റ് നമ്പർ -80/ 16-17,തി- 30-3--2017.<br><br>എം. ബുക്ക്. നമ്പർ-87/ 17-18<br><br>ബിൽ നമ്പർ- 59/ 31-3-2018 | ആകെ പ്രവൃത്തി മൂല്യം= 250147<br><br>(+) 3%= 7504<br><br>= 257651 | 257651<br><br>(-) cost of bitumin-82525<br><br>(-) IT- 3503<br><br>(-) WF- 1751<br><br>= 169872 | 7504 (രശീതി നം-118100109906/ 4.1.2019 പ്രകാരം അടവാക്കി) |
| | | | ആകെ | 106398 രൂപ |

അധികം നൽകിയ 106398/- രൂപ മേൽ കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 4/4-1-2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ 106398/- രൂപ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയ രശീതി ഹാജരാക്കി.

## 3-5 എസ്റ്റിമേറ്റിൽ വൻ തുക lump-sum ആയി ഉൾപ്പെടുത്തി കരാറുകാർക്ക് ക്വാട്ട് ചെയ്ത തുകയേക്കാൾ അധിക തുക നൽകി.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ജി.എസ്.ടി.വേണ്ടി 10% ലധികം lump-sum ഉൾപ്പെടുത്തിയാണ് അംഗീകാരം വാങ്ങിയിട്ടുള്ളത്. ടി- വർഷം ജി.എസ്.ടി. അടവാക്കേണ്ടതില്ലാത്തതിനാൽ Lump-sum തുക കൂടി ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുകയും വർക്ക് സ്ലിപ്പ് അപ്രൂവ് ചെയ്ത് പെയ്മെന്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ lump-sum തുകയ്ക്ക് കൂടി അധിക പ്രവൃത്തി ചെയ്ത് മൂല്യ നിർണ്ണയം ചെയ്തതിനാൽ മേൽ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം തുക നൽകാനിടയായിട്ടുണ്ട്. ഓരോയിനം പ്രവൃത്തികളിലും നിയമാനുസൃതം അധികമായി അനുവദിക്കാവുന്ന 5% ലും കൂടുതൽ പ്രവൃത്തി അനുവദിച്ച് മൂല്യ നിർണ്ണയം ചെയ്തിട്ടുണ്ട്. ഇപ്രകാരം കൂടുതലായി ചെയ്ത വർക്കിന് ഒറിജിനൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അധികാര സ്ഥാനങ്ങളിൽ നിന്നും മുൻകൂട്ടി അംഗീകാരം വാങ്ങേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം അംഗീകാരം വാങ്ങാതെയാണ് ടി- ടെണ്ടർ വർക്കുകളിൽ അധിക പ്രവൃത്തി ഉൾപ്പെടുത്തി മൂല്യ നിർണ്ണയം ചെയ്ത് കരാറുകാർക്ക് ബിൽ തുക നൽകിയിട്ടുള്ളത്. അധിക പ്രവൃത്തി ഉൾപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയ പ്രവൃത്തികൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ lump-sum തുക | ടെണ്ടറിൽ ക്വാട്ട് ചെയ്ത തുക | മൂല്യ നിർണ്ണയം നടത്തിയ |
|---|---|---|---|---|

| | | | | തുക |
|---|---|---|---|---|
| 1 | നെച്ചിക്കാട് ആലിൻ ചുവട് റോഡ് റീടാറിംഗ്,<br>പ്രൊജക്റ്റ് നമ്പർ-194/18<br>കരാറുകാരൻ- ശ്രീ. ശശീധരൻ നായർ.കെ.ആർ.<br>TS-350000<br>M.B- 89/17-18<br>ബിൽ നമ്പർ- 40/ 26-3-2018 | 43474 | 306526 | 349392 |
| 2 | റെയിൽവേ ലൈൻ ശ്രീകൃഷ്ണ ക്ഷേത്രം റോഡ് കോൺക്രീറ്റിഗ്,<br>പ്രൊജക്റ്റ് നമ്പർ-49/18<br>കരാറുകാരൻ- ശ്രീ. നാരായണൻ ഇ.വി.<br>TS-400000<br>MB- 69/17-18<br>ബിൽ നമ്പർ- 28/5-2-2018 | 39709 | 360291 | 376887 |
| 3 | ചുങ്കം വൈദ്യർ പടി റോഡ് കോൺക്രീറ്റിഗ്<br>പ്രൊജക്റ്റ് നമ്പർ-56/18<br>കരാറുകാരൻ- ശ്രീ. വി. ദാമോദരൻ,<br>TS-250000<br>MB- 62/17-18<br>ബിൽ നമ്പർ- 24 / 29-1-2018 | 26482 | 223518 | 234680 |
| 4 | മണ്ണാറക്കൽ മൊയ്തു പടി റോഡ് കോൺക്രീറ്റിഗ്<br>പ്രൊജക്റ്റ് നമ്പർ-<br>57/ 18<br>കരാറുകാരൻ- ശ്രീ. മുസ്തഫ. കെ. | 43503 | 356497 | 374302 |

| | | | | |
|---|---|---|---|---|
| | TS-400000<br><br>MB- 65/17-18<br><br>ബിൽ നമ്പർ- 23 / 29-1-2018 | | | |
| 5 | ചേന്നാൻകുളങ്ങര റോഡ് പുനരുദ്ധാരണം<br><br>പ്രൊജക്ട് നമ്പർ- 96 18<br><br>കരാറുകാരൻ- ശ്രീ. മുസ്തഫ. കെ.<br><br>TS-100000<br><br>MB- 17/17-18<br><br>ബിൽ നമ്പർ- 22 / 29-1-2018 | 11178 | 88822 | 91455 |
| 6 | മീനടത്തുർ റെയിൽവേ ലൈൻ റോഡ് കോൺക്രീറ്റിംഗ്,<br><br>പ്രൊജക്ട് നമ്പർ- 102 / 18<br><br>കരാറുകാരൻ- ശ്രീ. ശംസു.കെ.വി.<br><br>TS-150000<br><br>MB- 13/17-18<br><br>ബിൽ നമ്പർ- 21 / 29-1-2018 | 14182 | 135818 | 142654 |
| 7 | ഖുറൈശി പാറ റോഡ് റീ കോൺക്രീറ്റിഗ്<br><br>പ്രൊജക്ട് നമ്പർ- 195/ 18<br><br>കരാറുകാരൻ- ശ്രീ. സുരേഷ്. കെ.എ.<br><br>TS-200000<br><br>MB- 73/17-18<br><br>ബിൽ നമ്പർ- 26 / 5-2 -2018 | 21285 | 178715 | 187651 |
| 8 | പാണ്ഡ്യാട്ട് അംഗൻവാടി റോഡ് കോൺക്രീറ്റിഗ്<br><br>പ്രൊജക്ട് നമ്പർ- 95/ 18 | 31986 | 268014 | 281467 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ- ശ്രീ. ഷാഹിർ .പി.വി.<br>TS-300000<br>MB- 15/17-18<br>ബിൽ നമ്പർ- 25 / 29-1--2018 | | | |
| 9 | ചുങ്കം കോട്ടുവാല പീടിക റോഡ് റീടാറിംഗ്,<br>പ്രൊജക്റ്റ് നമ്പർ-189/18<br>കരാറുകാരൻ- ശ്രീ. ശശീധരൻ നായർ.കെ.ആർ.<br>TS-250000<br>M.B- 90/17-18<br>ബിൽ നമ്പർ- 42/ 26-3-2018 | 27279 | 222721 | 233553 |
| 10 | നീറ്റിയിൽപാടം നടപ്പാത കോൺക്രീറ്റിംഗ്<br>പ്രൊജക്റ്റ് നമ്പർ-63/18<br>കരാറുകാരൻ- ശ്രീ. ശശീധരൻ നായർ.കെ.ആർ.<br>TS-400000<br>MB- 95/17-18<br>ബിൽ നമ്പർ- 54 / 31-3 -2018 | 42146 | 357854 | 377942 |
| 11 | മണ്ണാത്തി പറമ്പ് വെളവിൽ ക്ഷേത്രം റോഡ് ടാറിംഗ്,<br>പ്രൊജക്റ്റ് നമ്പർ-82/18<br>കരാറുകാരൻ- ശ്രീ. റഷീദ്. ടി.<br>TS-400000<br>M.B- 112 /17-18<br>ബിൽ നമ്പർ- 58/ 31-3-2018 | 36687 | 363313 | 379091 |

| | | | | |
|---|---|---|---|---|
| 12 | മുട്ടിപ്പാലം ചെറുനന്ദനിൽ കോട്ടുവാല പീടിക റോഡ് റീകോൺക്രീറ്റിംഗ്.<br>പ്രൊജക്ട് നമ്പർ-191/18<br>കരാറുകാരൻ- ശ്രീ. റഷീദ്.ടി.<br>TS-400000<br>M.B- 86 /17-18<br>ബിൽ നമ്പർ- 37/ 26-3-2018 | 32567 | 367433 | 384159 |
| 13 | എം.എം.കെ. റോഡ് റീ ടാറിംഗ്,<br>പ്രൊജക്ട് നമ്പർ-73/18<br>കരാറുകാരൻ- ശ്രീ. റഷീദ്.ടി.<br>TS-200000<br>M.B- 91/17-18<br>ബിൽ നമ്പർ- 36/ 26-3-2018 | 19980 | 180020 | 188797 |
| 14 | മേലേപീടിയേക്കൽ തറമ്മൽ പറമ്പിൽ റിംഗ് റോഡ് ടാറിംഗ്,<br>പ്രൊജക്ട് നമ്പർ-78/18<br>കരാറുകാരൻ- ശ്രീ. അഭിമന്യൂ. എൻ.<br>TS-400000<br>M.B- 77/17-18<br>ബിൽ നമ്പർ- 34/ 21-2-2018 | 41738 | 358262 | 376000 |

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം lumpsum provision എസ്റ്റിമേറ്റ് തുകയുടെ 5%ൽ അധികരിക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. ക്രമ വിരുദ്ധമായി മരാമത്ത് പ്രവൃത്തികൾ മൂല്യ നിർണ്ണയം ചെയ്ത് കരാറുകാർക്ക് അനർഹമായി അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 2/ 4-1-2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പ്രൊവിഷൻ വെച്ച തുകയ്ക്ക് പുതിയ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും തുടർന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കി നടപ്പിൽ വരുത്തുന്നതിന് കാല താമസം വരുമെന്നതിനാലാണ് ഇപ്രകാരം ചെയ്തതെന്നും സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്തിയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

മേലിൽ മരാമത്ത് നിർവ്വഹണത്തിൽ ഇത്തരം ക്രമ വിരുദ്ധമായ നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 3-6 ഗ്രാമ പഞ്ചായത്ത് വാങ്ങിയ ബിറ്റുമിൻ മുഴുവനായി വിതരണം ചെയ്തിട്ടില്ല

2017-18 വർഷത്തിൽ ഉണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ വിവിധ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സിഡികോ- യിൽ നിന്നും 6,97,610 രൂപ വില വരുന്ന ബിറ്റുമിൻ വാങ്ങി അസി.എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. അസി.എഞ്ചിനീയർ കൈപറ്റിയ ബിറ്റുമിൻ സ്റ്റോക്കിലെടുക്കുകയും താഴെ കൊടുത്തിട്ടുള്ള വിധം വിവിധ വർക്കുകൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്.

| ക്രമ നമ്പർ | വാങ്ങിയ ബിറ്റുമിൻ ഇനം | വാങ്ങിയ അളവ് (ബാരൽ) | വില | വിവിധ വർക്കുകൾക്ക് വിതരണം ചെയ്തത് | ബാലൻസ് |
|---|---|---|---|---|---|
| 1 | VG30 (161.8 kg/ barrel) | 90 (14562kg) | 4553.05 | 14562 kg | ഇല്ല |
| 2 | SS1 (182 kg/ barrel) | 11 (2002 KG) | 10448.97 | 1582.31 | 419.69 kg |
| 3 | RS1 (200 kg) | 8 (1600kg) | 6372.04 | 1509.93 | 90.07 kg |

RS1, SS1 എന്നീ ഇനങ്ങളിൽ വിതരണം ചെയ്യാതെ ബിറ്റുമിൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന ബിറ്റുമിൻ വിതരണം ചെയ്യാതിരിക്കുന്നതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ വർഷത്തെ ടാറിംഗ് പ്രവൃത്തികൾക്ക് വിതരണം ചെയ്ത് വിവരം അറിയിക്കുമെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

മേൽ പ്രകാരം അവശേഷിക്കുന്ന ബിറ്റുമിൻ പൂർണ്ണമായി വിതരണം ചെയ്തതിന്റെയും ബിറ്റുമിന്റെ വില ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെയും വിവരം അറിയിക്കേണ്ടതാണ്. ബിറ്റുമിൻ പൂർണ്ണമായി വിതരണം ചെയ്ത് ബിറ്റുമിന്റെ വില പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നത് വരെ വിതരണം ചെയ്യാതെ അവശേഷിക്കുന്ന ബിറ്റുമിന്റെ വില 26965 രൂപ (24095+2870) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 ഒരേ കെട്ടിട നിർമ്മാണത്തിന് മൂന്ന് പ്രൊജക്ടുകൾ തയ്യാറാക്കി

2017-18 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ മൂച്ചിക്കൽ അങ്കണവാടി കെട്ടിട പൂർത്തീകരണത്തിന് ടി- വർഷത്തെ പദ്ധതിയിൽ മൂന്ന് പ്രൊജക്ടുകൾ തയ്യാറാക്കി താഴെ കൊടുത്തിട്ടുള്ള വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ പേര് | പ്രൊജക്ട് നമ്പർ | സാങ്കേതികാനുമതി | ചെലവ് തുക | കരാറുകാരൻ |
|---|---|---|---|---|---|
| 1 | മൂച്ചിക്കൽ അങ്കണവാടി പൂർത്തീകരണം | 143/18 | 300000 | 268564 | ശ്രീ. വി.ശിവരാമൻ |
| 2 | ടി- | 210/18 | 110000 | 72748 | ശ്രീ. വി.ശിവരാമൻ |

| | | | | | |
|---|---|---|---|---|---|
| 3 | മൂച്ചിക്കൽ അങ്കണവാടി നിർമ്മാണം (തേർഡ് ഫേസ്) | 183/18 | 100000 | 90343 | ശ്രീ. വി.ശിവരാമൻ |

ഒരു കെട്ടിട നിർമ്മാണ പ്രൊജക്ടിൽ ആ കെട്ടിടം ഉപയോഗപ്പെടുത്തണമെങ്കിൽ ഏതെല്ലാം പ്രവൃത്തികൾ ആവശ്യമുണ്ടോ അവയെല്ലാം ഉൾപ്പെടുത്തിയ വിശദമായ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രൊജക്ട് തയ്യാറാക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ മേൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിൽ ഭാഗികമായ പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തികൾ വിഭജിച്ച് പ്രൊജക്ട് തയ്യാറാക്കിയുമാണ് മേൽ പ്രകാരം വ്യത്യസ്ത പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുള്ളത്.

ഇപ്രകാരം പ്രൊജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മേലിൽ ഇത്തരം മാർഗ്ഗരേഖാ ലംഘനങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അവലോകനം

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ 136 പ്രൊജക്ടുകളായിരുന്നു തൻവർഷത്തേക്ക് അംഗീകാരം വാങ്ങിയിരുന്നത്. അംഗീകരിച്ച പ്രൊജക്ടുകളിൽ 73 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. (54 % മാത്രം).

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | പുതിയ പ്രൊജക്ടുകൾ | സ്പിൽഓവർ പ്രൊജക്ടുകൾ | ആകെ പ്രൊജക്ടുകൾ |
|---|---|---|---|
| അംഗീകരിച്ച പ്രൊജക്ടുൾ | 80 | 56 | 136 |
| നടപ്പാക്കിയവ | 28 | 45 | 73 |
| നടപ്പാക്കാത്തവ | 52 | 11 | 63 |

പ്രൊജക്ട് നിർവ്വഹണം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയ 11 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

2. ഇ- ടെണ്ടർ നടത്തിയതിലൂടെ ഗ്രാമ പഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ ലഭിയ്ക്കേണ്ട തുക എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല.

3. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

5. റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര പരിധിയിൽ വരുന്ന റോഡുകൾ ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ കേന്ദ്രങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ (ശൃംഖല) തയ്യാറാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ കണക്ടിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾക്കൊള്ളിക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയ മാസ്റ്റർ പ്ലാനിനെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമല്ല. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശ ഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

6. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

7. കരാറുകാർ ജി.എസ്.ടി.റജിസ്ട്രേഷൻ എടുത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

8. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടാൻ വികസന സ്റ്റാന്റിംഗ് കമ്മറ്റി യഥാസമയം നിർദ്ദേശങ്ങൾ നൽകുകയോ നേതൃപരമായ പങ്ക് നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മറ്റി സമയോചിത ഇടപെടൽ നടത്തേണ്ടതും ക്രിയാത്മക നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 3-9 കുറഞ്ഞ വില ക്വാട്ട് ചെയ്തത് തഴഞ്ഞ് ഫർണ്ണീച്ചറും ഉപകരണങ്ങളും വാങ്ങി

പ്രോജക്ട് നം./പേര് : 112/17-18,കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചറും ഉപകരണങ്ങളും വാങ്ങൽ

ബിൽ നം./തീയതി : 28/17-18, 16.3.18 തുക : 2,80,000/- (വികസന ഫണ്ട്)

ചെക്ക് നമ്പർ : 011889/19.3.18 തുക : 18,798.00/- (തനത് ഫണ്ട്)

പ്രോജക്ട് പ്രകാരം ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിച്ച് അലീഷാ എന്റർപ്രൈസസ് മലപ്പുറത്തിൽ നിന്ന് ഫർണ്ണീച്ചറുകളും കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങിയിട്ടുണ്ട്.

ടെണ്ടറിൽ കുറഞ്ഞ വില രേഖപ്പെടുത്തിയിരിക്കുന്നത് ഫിഡ്കോയാണ്. പ്രോക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ പ്രസ്തുത ഉപകരണങ്ങൾ ആരിൽ നിന്ന് വാങ്ങണമെന്നോ ഗുണമേന്മ സംബന്ധിച്ചോ എന്തെങ്കിലും തീരുമാനമെടുത്ത വിവരം രേഖപ്പെടുത്തിയിട്ടില്ല. ഭരണസമിതി ചുമതലപ്പെടുത്തിയ ഉപകമ്മിറ്റിയുടെ

സാക്ഷ്യപത്രമെന്ന രീതിയിൽ രണ്ട് വ്യക്തികളുടെ ഒപ്പോടു കൂടിയ ഒരു പേപ്പർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ ഗുണമേന്മ പരിശോധിക്കുന്നതിന് ഫിഡ്കോ ഉത്പന്നങ്ങൾ സ്ഥാപനത്തിൽ പോയി പരിശോധിച്ചെന്നും അവയ്ക്ക് ഗുണമേന്മ ഇല്ലെന്നും രണ്ടാമത് കുറഞ്ഞ വില രേഖപ്പെടുത്തിയ അലീഷാ എന്റർപ്രൈസസ് മലപ്പുറത്തിന്റെ ഉത്പന്നങ്ങൾ കൂടുതൽ ഗുണമേന്മയുള്ളതായി ബോധ്യപ്പെട്ടെന്നും വ്യക്തമാക്കി തുടർ നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ടെണ്ടർ നോട്ടീസ് പ്രകാരമുള്ള സ്പെസിഫിക്കേഷൻസോടു കൂടിയതും വിലയിൽ കുറവുള്ളതുമായ സ്ഥാപനത്തിന്റെ ഉത്പന്നങ്ങൾ ഏത് രൂപത്തിലാണ് ഗുണ നിലവാരം കുറഞ്ഞതെന്നും ആയത് ഉപസമിതി എങ്ങിനെ കണ്ടെത്തി എന്നുമുള്ള വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ രേഖ പ്രകാരം നിർദ്ദിഷ്ട ക്രമത്തിൽ രൂപീകരിക്കുന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ് വാങ്ങൽ നടപടികൾ പരിശോധിക്കേണ്ടത്.കുറഞ്ഞ വില രേഖപ്പെടുത്തിയ ഫിഡ്കോയെ തഴഞ്ഞ് അലീഷാ എന്റർപ്രൈസസിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് ഗുണമേന്മ വിലയിരുത്തിയതിന്റെ വിശദ വിവരം ലഭ്യമാക്കേണ്ടതിന് 12 /07.01.19 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത വാങ്ങൽ നടപടിയുടെ മുഴുവൻ ടെണ്ടറുകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ താരതമ്യ പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തത് ആർക്കെന്ന വിവരം ഫയലിലോ സ്റ്റോക്ക് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടർ രജിസ്റ്റർ പ്രകാരം ഏറ്റവും കുറവ് വില രേഖപ്പെടുത്തിയ 3 സ്ഥാപനങ്ങളുടെ താരതമ്യ പത്രിക താഴെ കൊടുക്കുന്നു.

| ക്ര.നം | ഇനം | ഫിഡ്കോ | | അലിൻഷാ | | ബാബ ഗ്ലോബൽ സൊല്യൂഷൻസ് |
|---|---|---|---|---|---|---|
| | ഓഫീസ് ടേബിൾ | മഹാഗണി | 6888 | മഹാഗണി | 6700 | |
| | | റബ്ബുഡ് | 7988 | റബ്ബുഡ് | 7800 | |
| | | | | ഹാർഡ് വുഡ് | 9000 | |
| | ഓഫീസ് ചെയർ(ഹൈ ബാക്ക്) | 22ഗേജ് | 3988 | | | |
| | | 20ഗേജ് | 4222 | | | |
| | | 18ഗേജ് | 4888 | | | |
| | മീഡിയം ബാക്ക് | 22ഗേജ് | 2888 | | | |
| | | 20ഗേജ് | 3388 | | | |
| | | 18ഗേജ് | 3688 | | | |
| | ഓഫീസ് ചെയർ Sടൈപ്പ് | 22ഗേജ് (കുഷ്യൻ സീറ്റ്, ബാക്ക്) | 1888 | കുഷ്യൻ സീറ്റ്, ബാക്ക് വിത്ത് ആം | 4800 | |
| | | 20ഗേജ് (കുഷ്യൻ സീറ്റ്, ബാക്ക്) | 2888 | കുഷ്യൻ സീറ്റ്, ബാക്ക് | 3700 | |
| | | 18ഗേജ് (കുഷ്യൻ സീറ്റ്, ബാക്ക്) | 3822 | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഫൈബർ ചെയർ | friendly | 342 | modern | 490 | | |
| | | marvel | 422 | friendly | 335 | | |
| | | esquire | 432 | marvel | 410 | | |
| | | supreme | 498 | | | | |
| | സ്റ്റീൽ അലമാര | powder coated | 7944 | With 4 compartment,powder coated | 9300 | | |
| | | painted | 6944 | powder coated | 7850 | | |
| | | | | painted | 6850 | | |
| | കമ്പ്യൂട്ടർ | | | With windows SL | 39600 | With windows SL | 40500 |
| | | | | With windows Pro | 44600 | With windows Pro | 45500 |
| | | | | Linux/ DOS | 34600 | Linux/ DOS | 35500 |
| | പ്രിന്റർ | | | Brother | 8900 | Brother | 9200 |
| | | | | Canon | 9500 | | |
| | സ്വീച്ചിംഗ് സ്റ്റാന്റ് | മഹാഗണി | 4922 | SS adjustable | 11800 | | |
| | | റബ് വുഡ് | 5922 | മഹാഗണി | 4850 | | |
| | | | | റബ് വുഡ് | 5850 | | |

ടെണ്ടർ രജിസ്റ്ററിൽ ഓഫീസ് ടേബിൾ ഇനത്തിൽ അലിൻഷാ എന്റർപ്രൈസസിന്റെ പേജിൽ മഹാഗണി, റബ് വുഡ് എന്നിവയുടെ വില പിന്നീട് എഴുതി ചേർത്ത വിധമാണുള്ളത്. എന്നാൽ ഫയലിലുള്ള അലിൻഷായുടെ ടെണ്ടർ ഓഫറിൽ മഹാഗണി, റബ് വുഡ് എന്നിവയുടെ വില കാണിച്ചിട്ടുണ്ട്. രജിസ്റ്ററിലെ തിരുത്തലുകൾ ടെണ്ടർ നടപടിയുടെ സുതാര്യതയിൽ സംശയം ജനിപ്പിക്കുന്നതാണ്. ഹാർഡ് വുഡ് ഇനം ഫിഡ്കോ വില കാണിച്ചിട്ടില്ല. വാങ്ങിയിരിക്കുന്നത് കൂടുതൽ വിലയുള്ള അലിൻഷായുടെ ഹാർഡ് വുഡ് ഇനമാണ്.

ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയ സ്പെസിഫിക്കേഷനോട് കൂടിയ ഓഫറുകളിൽ കുറഞ്ഞ വിലയുള്ളതിനെ തഴഞ്ഞതിനാൽ വന്ന ചില ഇനങ്ങളിലെ വില വ്യത്യാസം താഴെ കൊടുക്കുന്നു.

| ഇനം | ടെണ്ടർ കുറഞ്ഞ വില | വാങ്ങിയ വില | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| ഓഫീസ് ചെയർ (ഹൈ ബാക്ക്) | 4888/-(ഫിഡ്കോ) (18 ഗേജ്)(4888x2=9776) | 7949.99 (6737.28+18%gst) (2nos=15899.98) | 6123.98 | അലിൻഷായുടെ ഓഫറിൽ ഹൈ ബാക്ക് ഇനം വില കാണിച്ചിട്ടില്ല. ഫിഡ്കോ ടെണ്ടർ പരിശോധനക്ക് ലഭിച്ചിട്ടില്ല. Gst ഉൾപ്പെടെയുള്ള വിലയായി |

| | | | | |
|---|---|---|---|---|
| | | | | പരിഗണിക്കുന്നു. |
| ഓഫീസ് ടേബിൾ | 6888(mahagani) x3=20664 | 8999.86x3= 26999.58 (hard wood) | 6335.58 | സ്പെസിഫിക്കേഷനിൽ ഏത് തരം തടി എന്ന് വ്യക്തമാക്കിയിട്ടില്ല. |
| ഓഫീസ് ചെയർ Sടൈപ്പ് | 3822/-(ഫിഡ്കോ) (18 ഗേജ് കുഷ്യൻ സീറ്റ്, ബാക്ക്)x2=7644 | 4800.24x2= 9600.48 | 1956.48 | സ്പെസിഫിക്കേഷനിൽ ഓഫീസ് കസേര സ്റ്റാന്റേർഡ് എന്നു മാത്രമാണ്. |
| സ്പീച്ചിംഗ് സ്റ്റാന്റ് | 4922/-(മഹാഗണി) (ഫിഡ്കോ) x1= 4922 | 11600.58 | 6678.58 | സ്പെസിഫിക്കേഷനിൽ തടിയുടേതെന്നാണ്. വാങ്ങിയത് SS. |
| ആകെ വ്യത്യാസം | | | 14970.64 | |

അധികം ചെലവഴിച്ച 14971/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 തുണി സഞ്ചി വിതരണം അനുമതി വിവരം ലഭ്യമാക്കിയില്ല.

പ്രോജക്ട് : 205/18, ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി എല്ലാ വീടുകളിലും തുണി സഞ്ചി വിതരണം

ബിൽ നം. 32/21.3.18 തുക 1,75,000/-(സി.എഫ്.സി.ഗ്രാന്റ്)

ചെക്ക് നം. 011895/23.3.18 തുക 1,32,883/-(തനത് ഫണ്ട്)

ആകെ . 3,07,883/-

പ്രോജക്ട് പ്രകാരം 04/11/17 ലെ എ3-4951/17 നമ്പർ ടെണ്ടർ നടപടികളെ തുടർന്ന് അപ്സര ട്രൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,ഒറ്റപ്പാലത്ത് നിന്നും ( 23/20.3.18 ടാക്സ് ഇൻവോയ്സ് )304883/-രൂപ ചെലവ് ചെയ്ത് 15835 എണ്ണം തുണി സഞ്ചി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

03.4.17ലെ സ.ഉ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം തുണി സഞ്ചി വിതരണം പരാമർശിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത ഇനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനു മുമ്പ് സർക്കാരിൽ നിന്ന് അനുമതി വാങ്ങേണ്ടതുണ്ട്.

തുണി സഞ്ചി വിതരണം ചെയ്യുന്നതിനു നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും സർക്കാർ ഉത്തരവോ പ്രത്യേക അനുമതിയോ ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് നൽകിയ 14/7.1.19 നമ്പർ ഓഡിറ്റ് എൻക്വയറി ക്ക് മറുപടി ലഭിച്ചില്ല. 3,07,883 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-11 കുടിവെള്ള വിതരണം -ആദായ നികുതി ഈടാക്കിയിട്ടില്ല.

9.3.17ലെ സ.ഉ.(സാധാ)662/17/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിനെ തുടർന്ന് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ടാങ്കർ ലോറികളിൽ എത്തിച്ച് കുടിവെള്ളം വിതരണം ചെയ്തതിന് 967000/- രൂപ കരാറുകാരൻ ശ്രീ. മൊയ്തീൻകുട്ടി എന്നയാൾക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവിന്റെ നിരക്കിൽ ക്വട്ടേഷൻ സ്വീകരിക്കുന്നതിനു പകരം വാഹനം ഓടുന്ന ദൂരത്തിന്റെ (120/കി.മീ.)[പഞ്ചായത്ത് തീരുമാനം 11/ 23.2.17] നിരക്കിലാണ് സ്വീകരിച്ചിരിക്കുന്നത്.വെള്ളത്തിന്റെ ഗുണ നിലവാരം പരിശോധനയ്ക്ക് വിധേയമാക്കിയ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ചെലവ് വിവരം -

| വൗച്ചർ നം | തുക | ഫണ്ടിനം | ചെക്ക് നം |
|---|---|---|---|

| | | | |
|---|---|---|---|
| 37/10.4.17 | 1,71,000 | തനത് | 230200102/10.4.17 |
| 52/18.4.17 | 1,71,000 | | 2244071/20.4.17 |
| 88/23.5.17 | 2,07,000 | | 2244082/23.5.17 |
| 111/23.5.17 | 2,07,000 | | 2244085/23.5.17 |
| 248/6.7.17 | 2,11,000 | | 21700250/6.7.17 |
| ആകെ | 9,67,000 | | |

അപാകതകൾക്ക് വിശദീകരണവും കരാറുകാരന് നൽകിയ തുകയിൽ നിന്നും ആദായ നികുതി(9670/-രൂപ) പിടിച്ച് അടവാക്കിയ വിവരവും ലഭ്യമാക്കേണ്ടതാണ്.

## **3-12** ആശ്രയ പദ്ധതി ചെലവ് നാമ മാത്രം

2017-18 ൽ അവസാനിച്ച ആശ്രയ രണ്ടാം ഘട്ടപദ്ധതി, ആശ്രയ തുടർ സേവന പദ്ധതി എന്നിവയിൽ ചെലവ് വളരെ തുച്ഛമാണ്.

| പദ്ധതി | അടങ്കൽ | ചെലവ് | % |
|---|---|---|---|
| ആശ്രയ രണ്ടാം ഘട്ടപദ്ധതി | 1,54,27,100 | 19,80,127 | 12.84 |
| ആശ്രയ തുടർ സേവന പദ്ധതി | 95,39,280 | 8,91,042 | 9.34 |

വീട്,ഭക്ഷണം എന്നിനങ്ങളിൽ മാത്രമാണ് നാമ മാത്രമാണെങ്കിലും ചെലവുണ്ടായിട്ടുള്ളത്. സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായ കുടുംബങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും സഹായങ്ങളും പാഴാക്കുന്നത് ഗൗരവമായി കാണുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## **4-1** സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2017-18 വർഷത്തിൽ സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പരും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 18/18 | -- | 1,50,000 |
| | 1,50,000 | പച്ചക്കറികൃഷി വനിത 27/18 | 8,750 | 1,41,250 |
| | 1,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 18/18 | 1,00,000 | -- |
| | 4,00,000 | കാർഷികയന്ത്രങ്ങൾ വാങ്ങൽ 264/18 | -- | 4,00,000 |
| | 2,00,000 | പരിരക്ഷ പദ്ധതി 15/18 | 2,00,000 | -- |
| | 2,00,000 | പൂരക | 1,00,000 | 1,00,000 |

| | | | | |
|---|---|---|---|---|
| | | പോഷകാഹാരം 30/18 | | |
| | 1,00,000 | സ്കൂൾ ശൗചാലയം 222/18 | -- | 1,00,000 |
| | 1,00,000 | സ്കൂൾ ശൗചാലയം 223/18 | -- | 1,00,000 |
| | 1,00,000 | സ്കൂൾ ശൗചാലയം 224/18 | -- | 1,00,000 |
| | 1,00,000 | സ്കൂൾ ശൗചാലയം225/18 | -- | 1,00,000 |
| | 2,00,000 | 140/18 ബഡ്സ് സ്കൂൾ(dropped) | -- | 2,00,000 |
| | 3,00,000 | മൂലക്കൽ എസ്.സി കോളനി (dropped) | -- | 3,00,000 |
| | 3,00,000 | പാണ്ട്യാട്ട് എസ്.സി കോളനി(dropped) | -- | 3,00,000 |
| | 4,00,000 | 61/18 സ്ക്കൂളുകളിൽ ബയോഗ്യാസ് | -- | 4,00,000 |
| ജില്ലാ പഞ്ചായത്ത് | 2,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 18/18 | 96,100 | 1,03,900 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

(a)

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 32,78,260 |
| തൻവർഷം നിക്ഷേപിച്ച തുക | 2,78,652 |
| ആകെ | 33,56,912 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 35,56,912 |

(b)

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം

| നിക്ഷേപം | തുക | രശീതി നം. |
|---|---|---|
| സ്ഥിര നിക്ഷേപം | 3556912 | 5530/02.04.16<br>5531/02.04.16 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ, തിയതി |
|---|---|---|---|---|
| 2016-17 | 2-5 | 1,000 | ശ്രീ.മുഹമ്മദ് കുട്ടിഹാജി, അൽ മദീന ഐസ് പ്ലാന്റ് | 117100108507/21.12.2017 |
| 2016-17 | 2-2 | 250 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, താനാളൂർ | 117100109472/06.01.2018 |
| 2016-17 | 3-17 | 15,832 | ശ്രീ.ദാമോദരൻ വി | 117100103434/29.08.2017 |
| 2016-17 | 2-5 | 1,000 | ശ്രീ. അബ്ദുൾ ജബ്ബാർ | 117100111791/27.02.2018 |
| 2016-17 | 2-3(1) | 1,250 | അസിസ്റ്റന്റ് എഞ്ചിനീയർ,കെ.എസ്.ഇ.ബി സെക്ഷൻ, താനാളൂർ | 117100111997/01.03.2018 |
| 2016-17 | 2-4 | 600 | ശ്രീ.മൊയ്തീൻകുട്ടി, മാനേജിംങ് പാർട്ട്ണർ, ജിയോ പ്ലാസ്റ്റിക്സ് | 117100111564/23.02.2018 |
| 2016-17 | 2-3(1) | 1,250 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി സെക്ഷൻ, താനാളൂർ | 117100111995/01.03.2018 |

## 4-7 സമാഹൃ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 36 | 2003-04 | പൊതുപരാമർശങ്ങൾ | പൂർത്തീകരിക്കാത്ത പ്രവർത്തികൾ (75000/-) | നടപടി തുടരുന്നു |
| 1998-99 | 32 | 2003-04 | “ | റീ ടെണ്ടർ നഷ്ടം (24459) | നടപടി തുടരുന്നു |
| 2000-01 | 37 | 2003-04 | “ | വീട് മേൽക്കൂര നിർമാമാണം (61200) | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2008-09 | - | 2011-12 | “ | കൃഷി അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(2) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | “ |
| 2015-16 | 2(5) | 2016-17 | “ | “ | “ |

## 4-8 ചാർജ്ജ്/സർജ്ജ് നടപടികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2009-10, | 10-11 | ഗോവിന്ദൻ സി.പി, വി.ഇ.ഒ | LF12216/spl.cell /sc/D1/12 08.12.15 | 1,41,010 | -- | 07.12.15ന് ട്രഷറിയിൽ ഒടുക്കി |
| 2 | -do- | 3-10 | മിനിമോൾ കൃഷി ഓഫീസർ | -do- | 35,000 | 35,000 | ലഭ്യമല്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,46,05,212 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,32,31,151 |
| വരവിനങ്ങളിലെ നഷ്ടം | 00 |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,971 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 7,81,391 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-9 | | 14971/- | ശ്രീമതി രമണി എം, സെക്രട്ടറി |
| ആകെ | | 14971/- | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 53,853 | ഡോ. പി. കാർത്തികേയൻ, വെറ്റിനറി സർജ്ജൻ |
| 3-2 | 3,92,690 | ഡോ.ശ്രുതി കെ.ടി, മെഡിക്കൽ ഓഫീസർ |
| 3-6 | 26,965 | ശ്രീ. മഹേഷ്.ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-10 | 3,07,883 | ശ്രീമതി രമണി എം,സെക്രട്ടറി |
| ആകെ | 781391 | |

ഡി) കേന്ദ്ര സംസ്ഥാ സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും |
|---|---|---|
| 3-4 | 16,981 | ശ്രീ.സാബിർ ഇബ്ല കാസിം, അസി.എഞ്ചിനീയർ,<br>തിരുത്തുൾ ഹൗസ്, പി.ഒ പറവണ്ണ-676502 |
| 3-9 | 14971/- | ശ്രീമതി രമണി എം, സെക്രട്ടറി, പുതുമനതെക്കേമഠം,<br>ഇന്ത്യനൂർ പി.ഒ, കോട്ടക്കൽ,<br>മലപ്പുറം ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | എൽ.എഫ്.എം.7/1739/94 തി.07.10.2010 | 10 |
| 1992-93,<br>1993-94,<br>1994-95 | എൽ.എഫ്.എം.15/573/03 തി.07.10.2010 | 05 |
| 1995-96 | എൽ.എഫ്.എം.15/1290/01 തി.07.10.2010 | 18 |
| 1996-97 | എൽ.എഫ്.എം.15/1482/03 തി.07.10.2010 | 21 |
| 1997-98 | എൽ.എഫ്.എം.15/1300/01 തി.07.10.2010 | 04 |
| 1998-99 | എൽ.എഫ്.എം.15/227/02 തി.07.10.2010 | 21 |
| 1999-00 | എൽ.എഫ്.എം.15/617/02 തി.07.10.2010 | 11 |
| 2000-01 | എൽ.എഫ്.എം.15/967/10 തി.07.10.2010 | 06 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.15/247/06 തി.07.10.2010 | 12 |
| 2002-03 | എൽ.എഫ്.എം.15/2189/09 തി.07.10.2010 | 02 |
| 2004-05 | എൽ.എഫ്.എം.15/2171/09തി.07.10.2010 | 06 |
| 2005-06 | എൽ.എഫ്.എം.15/2089/11 തി.22.03.2012 | 09 |
| 2006-07 | എൽ.എഫ്.എം.15/2090/11 തി.19.03.2012 | 06 |
| 2007-08 | എൽ.എഫ്.എം.15/646/12 തി.21.05.2012 | 12 |
| 2008-09, | എൽ.എഫ്.എം.15/647/12 തി.25.04.2012 | 22 |
| 2009-10,<br>2010-11 | എൽ.എഫ്.എം.15/2374/13 തി.12.12.2013 | 20 |
| 2011-12,<br>2012-13 | എൽ.എഫ്.എം.15/42/16 തി.02.02.2016 | 25 |

| | | |
|---|---|---|
| 2013-14,14-15 | കെ.എസ്.എ.എം.പി.എം. 15/2064/16 തി. 9-8-16 | 11 |
| 2015-16 | കെ.എസ്.എ. എം.പി.എം. 15/ 15/2017, തി- 3-2-2017 | 18 |
| 2016-17 | കെസ്.എ എം.പി.എം.എ22/2017/2017 20.09.2017 | 26 |

ഡെപ്യൂട്ടി ഡയറക്ടർ

# I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സാക്ഷ്യപത്രം

അനുബന്ധം 1

നം. കെ.എസ്.എ.എം.പി.എം.22/136/2018

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം
തീയതി 04/07/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ